(ഇ) ഡിസൈൻ മാറ്റിയതുമൂലം എത്ര കോടി രൂപയുടെ അധിക ചെലവുണ്ടായി എന്ന് അറിയിക്കുമോ?

ഉത്തരം

(എ) മലപ്പുറം ജില്ലയിലെ രണ്ട് ശുദ്ധജല വിതരണ പദ്ധതികളുടെ രൂപകൽപ്പന മാറ്റുകയുണ്ടായി. കാസർഗോഡ് ജില്ലയിലെ ശുദ്ധജല വിതരണ പദ്ധതികളുടെ രൂപകൽപ്പന മാറ്റിയിട്ടില്ല.

(ബി) 1. കീഴുപറമ്പു വില്ലേജിനുവേണ്ടിയുള്ള ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി.

2. അമരംപാലം വില്ലേജിനുവേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതി.

(സി) 3/2001-ൽ.

(ഡി) 3/2001-ൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ഇ) കീഴുപറമ്പ് ശുദ്ധജല വിതരണ പദ്ധതിയുടെ ഡിസൈൻ മാറ്റിയതുമൂലം 2 ലക്ഷം രൂപയുടെ അധിക ചെലവ് പ്രതീക്ഷിക്കുന്നു. അമരംപാലം ശുദ്ധജല വിതരണ പദ്ധതിയുടെ ഡിസൈൻ മാറ്റം വാട്ടർ അതോറിറ്റി പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

76 (2767) മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സംഭരണശേഷി

ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. സി.എഫ്. തോമസ് :
ശ്രീ. കെ.എം. മാണി :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സംഭരണശേഷി ഉയർത്തുന്നതിനെപ്പറ്റിയുള്ള വിഷയത്തിൽ സംസ്ഥാന സർക്കാർ നിയോഗിച്ചിരുന്ന വിദഗ്ധ സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

77 (2768) പി.വി.ഐ.പി.യുടെ പുത്തൻകുരിശ് ബ്രാഞ്ച് കനാലിന്റെ അറ്റകുറ്റപ്പണി

ശ്രീ. എം.പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.വി.ഐ.പി.യുടെ പുത്തൻകുരിശ് ബ്രാഞ്ച് കനാൽ (കോക്കാപ്പിള്ളി) വെട്ടിയിട്ട് 14 വർഷത്തിലധികമായിട്ടും വെള്ളം എത്തിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly